15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632 — 10-02-2025 - ൽ മറുപടിയ്ക്ക്

## കോട്ടയം ടെക്സ്റ്റൈൽസിൽ വൈവിദ്ധ്യവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അസംസ്കൃത വസ്തുക്കൾ കിട്ടാത്ത സാഹചര്യം മൂലം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയിലും തൊഴിലാളികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പ്രധാന അസംസ്കൃത വസ്തുവായ പരുത്തിയുടെ വിലക്കയറ്റം ടെക്സ്റ്റൈൽ മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് കണക്കിലെടുത്ത്, സംസ്ഥാനത്തെ പൊതു- സഹകരണമേഖലയിലുള്ള സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ കോട്ടൺ ലഭ്യമാക്കുന്നതിനായി കോട്ടൺ ബോർഡ് രൂപീകരിക്കുകയും പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തന മൂലധനവായ്പയായി ബോർഡിന് NCDC യിൽ നിന്ന് 70 കോടി രൂപ ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ കോട്ടൺ ബോർഡിന് 10 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുയും ചെയ്തു. പ്രസ്തുത തുകയിൽ നിന്നും 3 കോടി രൂപ റിലീസ് ചെയ്തു നൽകുകയും ചെയ്തു.<br><br>മേൽപ്പറഞ്ഞ സാഹചര്യത്തിൽ ടെക്സ്റ്റൈൽ മേഖലയിലെ പ്രധാന അസംസ്കൃത വസ്തുവായ പഞ്ഞി ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടമായി 3.30 കോടി രൂപയുടെ പഞ്ഞി Cotton Corporation of India Ltd-ൽ നിന്നും വാങ്ങി മില്ലുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടമായി പഞ്ഞി വാങ്ങുന്നതിലേയ്ക്കായി 3.50 കോടി രൂപയും നൽകിയിട്ടുണ്ട്.<br><br>കൂടാതെ നിലവിൽ പല സ്പിന്നിങ് മില്ലുകളുടെയും അസംസ്കൃത വസ്തുവായ പോളിസ്റ്റർ കൂടി കോട്ടൺ ബോർഡ് മുഖേന സംഭരിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ പോളിസ്റ്റർ സംഭരിയ്ക്കുന്നതിലൂടെ ടെക്സ്റ്റൈൽ മില്ലുകൾ ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരമാകും. |
| (ബി) | സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള മില്ലുകളെ ആധുനിക നിലവാരത്തിൽ നവീകരിക്കാൻ | (ബി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉല്പാദനക്ഷമതയും ഉയർത്തി |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | ലാഭകരമാക്കുന്നതിനായി 2021 മുതൽ 10 വർഷത്തിൽ നടപ്പിലാക്കുവാനായി 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന്റെ ഭാഗമായി വളരെ പഴക്കം ചെന്ന പ്രഭുറാം മിൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ് എന്നീ മില്ലുകളിലും ഭാഗികമായി നവീകരിക്കപ്പെട്ട മലബാർ സ്പിന്നിങ് ആൻഡ് വീവിംഗ് മില്ലിലും പുതിയ യൂണിറ്റുകളായ ഉദുമ ടെക്സ്റ്റൈൽ മിൽസ്, കോമളപുരം സ്പിന്നിങ് & വീവിങ് മിൽസ് എന്നിവയിലും ഓട്ടോകോണർ സ്ഥാപിച്ചു. നിലവിലെ പഴക്കം ചെന്നതും കലഹരണപെട്ടതുമായ ചില യന്ത്ര സാമഗ്രികൾ മാറ്റി സ്ഥാപിച്ചു. നിലവിൽ കോട്ടയം ടെക്സ്റ്റൈൽസിന്റെ ഭാഗിക നവീകരണത്തിനായി 8.03 കോടി രൂപ ഈ വർഷത്തിൽ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നു വരുന്നു. 2021 മുതൽ 2024 വരെ 14.35 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിയിട്ടുണ്ട്. |
| (സി) | കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | വൈദ്യുതി ബന്ധം വിച്ഛേദിച്ച് 2024 മാർച്ച് 20 മുതൽ ലേ ഓഫിലായ കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തി ചർച്ചകൾ നടത്തിയിരുന്നു. എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി എടരിക്കോട് ടെക്സ്റ്റൈൽസിൽ വാങ്ങി സ്ഥാപിച്ചിട്ടുള്ള 2 ഓട്ടോകോണർ മെഷീനുകൾ കോട്ടയം ടെക്സ്റ്റൈൽസിലേക്ക് മാറ്റി സ്ഥാപിച്ച് മില്ലിലെ കാർഡിങ്, പ്രെപ്പറേറ്ററി വിഭാഗങ്ങളുടെ ആധുനികവൽക്കരണം കൂടി പൂർത്തിയാക്കി കോട്ടയം ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തനം ആരംഭിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | കോട്ടയം ടെക്സ്റ്റൈൽസ് വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനിക ടെക്സ്റ്റൈൽ ടെക്നോളജി സെന്ററായി പ്രവർത്തിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ; | (ഡി) | നിലവിൽ ലേ ഓഫിലായ മിൽ തുറന്നു പ്രവർത്തനം ആരംഭിക്കാനുള്ള പദ്ധതികൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അതോടൊപ്പം മില്ലിൽ അധികമുള്ള സ്ഥലത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി വൈവിധ്യവൽക്കരണം പരിഗണനയിലാണ്. |
| (ഇ) | കോട്ടയം ടെക്സ്റ്റൈൽസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വിരമിക്കൽ അനുകൂല്യങ്ങൾ പൂർണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും ആർക്കെല്ലാമാണെന്നും | (ഇ) | കോട്ടയം ടെക്സ്റ്റൈൽസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വിരമിക്കൽ ആനുകല്യങ്ങൾ പൂർണമായും നൽകിയിട്ടില്ല, വിരമിച്ച 35 ജീവനക്കാർക്കായി ഗ്രാറ്റുവിറ്റി ഇനത്തിൽ കുടിശ്ശികയുണ്ട്. ഗ്രാറ്റുവിറ്റി എത്ര പേർക്ക് |

| | | | |
|---|---|---|---|
| | എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | | നൽകാനുണ്ടെന്നും ആർക്കെല്ലാമാണെന്നും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ഉൾകൊള്ളിക്കുന്നു.<br><br>10.01.2025 തീയതിയിലെ G.O.(Rt)No.28/2025/ID പ്രകാരം ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലെ മില്ലുകളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക നൽകുന്നതിനായി 380 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 300.1 ലക്ഷം രൂപയ്ക്ക് 07.02.2025 ലെ സ.ഉ(സാധാ)നം.121/2025/വ്യവ പ്രകാരം റിലീസ് അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിൽ 85.94 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈൽസിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും വിരമിച്ച ജീവനക്കാരിൽ 28 പേരുടെ ഇപിഎഫ് കുടിശ്ശികയിൽ 4.84 ലക്ഷം രൂപയും 35 പേർക്ക് ഗ്രാറ്റുവിറ്റി 63.79 ലക്ഷം രൂപയും നൽകാൻ സാധിക്കും. മില്ലിന്റെ പ്രവർത്തനം മെച്ചപ്പെട്ട് ഉൽപ്പാദനക്ഷമത കൈവരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള കുടിശ്ശികകൾ മുൻഗണന അടിസ്ഥാനത്തിൽ തവണകളായി നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ

| KOTTAYAM TEXTILES | | | | |
|---|---|---|---|---|
| Gratuity Dues Statement as on 31-11-2024 ( Updated ) | | | | |
| **SL.NO** | **D O R** | **Name of Employees** | **Designation** | **Gratuity payable** |
| 1 | 30-Jun-15 | Reghu V .K | | 198014 |
| 2 | 30-Jun-16 | Mathew Jacob | | 225571 |
| 3 | 31-May-17 | Thampy C K | | 220425 |
| 4 | 31-Mar-18 | Subha M P | | 530458 |
| 5 | 31-Mar-18 | Saseendren K | GM | 165790 |
| 6 | 30-Jun-18 | Raju M.K | | 201568 |
| 7 | 31-Dec-18 | Remashan V N | | 73003 |
| 8 | 30-Apr-18 | Chellappan V K | | 327281 |
| 9 | 30-Apr-19 | Thomas K.C | Staff - Sr. Assistant | 417953 |
| 10 | 31-May-20 | Usha S Nair | | 88367 |
| 11 | 31-May-20 | Georgekutty S J | | 88915 |
| 12 | 31-Dec-20 | T K Sobhanakumary | | 102985 |
| 13 | 31-May-21 | K P Mohd Sherief | DM ( Tech) | 643512 |
| 14 | 25-Jan-22 | Eliyamma T A | | 110744 |
| 15 | 13-Jan-22 | Saramma Thomas | | 110151 |
| 16 | 30-Apr-22 | Sobhana K | | 127284 |
| 17 | 30-Apr-22 | Lillykkutty Joy | | 127516 |
| 18 | 28-Apr-22 | Aneesh A V | | 113162 |
| 19 | 31-May-22 | Joseph K G | | 126789 |
| 20 | 31-Mar-23 | Yamuna Devi P V | | 146503 |
| 21 | 30-Apr-23 | Elsamma Xavier | | 144217 |
| 22 | 31-May-23 | Lucy Cyriac | | 143789 |
| 23 | 31-May-23 | Sebastian P C | | 145331 |
| 24 | 31-May-23 | Thulasi T | | 143611 |
| 25 | 31-Dec-23 | George K Johny | | 146826 |
| 26 | 29-Feb-24 | Valsamma Thomas | | 148214 |
| 27 | 30-Apr-24 | Mathewkutty Joseph | | 161997 |
| 28 | 30-Apr-24 | Aniyamma Joseph | | 160794 |
| 29 | 30-Apr-24 | Valsamma Joseph | | 160985 |
| 30 | 30-Apr-24 | Tomy Lukose | | 127279 |
| 31 | 31-May-24 | Kunjamma K J -0269 | | 159877 |
| 32 | 31-May-24 | George Xavier T no0379 | | 106141 |
| 33 | 31-May-24 | Joseph P J T no. 0239 | | 160440 |
| 34 | 31-May-24 | Geetha Ponnappan T No 232 | | 159739 |
| 35 | 30-Nov-24 | Girvasis Mathew T no. 240 | | 163858 |
| | | | | |
| | | | | |
| | | **TOTAL** | | **6379089** |